**പതിമൂന്നാം കേരള നിയമസഭ**
പതിനൊന്നാം സമ്മേളനം
2014 ജൂലൈ 7, തിങ്കൾ
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ - 30)

| മറുപടി നൽകുന്ന മന്ത്രിമാർ |
|---|
| ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി |
| നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി |
| കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി |
| പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |

'സ്നേഹപൂർവ്വം' പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ

*T541 ശ്രീ. ഇ. കെ. വിജയൻ
,, പി. തിലോത്തമൻ
ശ്രീമതി ഗീതാ ഗോപി
ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാതാപിതാക്കളില്ലാത്ത വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്ന 'സ്നേഹപൂർവ്വം പദ്ധതി' എന്നു മുതലാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ അധ്യയനവർഷം യഥാസമയം സ്കോളർഷിപ്പ് നൽകാൻ കഴിയാതിരുന്നതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

## മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ 14 ജില്ലകളിലേക്കായി ഓംബുഡ്സ്മാൻമാർ

*542 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, പി. കെ. ഗുരുദാസൻ
,, കെ. കെ. ജയചന്ദ്രൻ
,, കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പു പദ്ധതിയിൽ 14 ജില്ലകളിലേക്കായി ഓംബുഡ്സ്മാൻമാരെ നിയമിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ:

(ബി) നിലവിലുള്ളവരുടെ കാലാവധി എത്രനാൾവരെയെന്ന് വ്യക്തമാക്കാമോ;

(സി) ഇവരുടെ കാലാവധി തീരുംമുമ്പെ തൽസ്ഥാനങ്ങളിൽ നിന്നും മാറ്റാൻ ഉത്തരവിറക്കിയിട്ടുണ്ടോ: എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ?

സുരക്ഷിതമല്ലാത്ത അംഗൻവാടികൾ ഒഴിപ്പിക്കുന്നതിനുള്ള നടപടി

*543 ശ്രീ. തോമസ് ചാണ്ടി
,, എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സുരക്ഷിതമല്ലാത്ത അംഗൻവാടികൾ ഒഴിപ്പിക്കാനുള്ള നിർദ്ദേശം പഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) സുരക്ഷിതമല്ലാത്ത അംഗൻവാടികൾ ഒഴിപ്പിക്കുമ്പോൾ ഒഴിപ്പിക്കപ്പെടുന്ന അംഗൻവാടികൾ പ്രവർത്തിപ്പിക്കാൻ ഉള്ള എന്തു നടപടികളാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## <u>തൊഴിലുറപ്പു പദ്ധതിക്കുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിൽ പഞ്ചായത്തുകളുടെ വീഴ്ച</u>

*544 ശ്രീ. എ. കെ. ബാലൻ
,, എളമരം കരീം
,, ബി. ഡി. ദേവസ്സി
,, സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലുറപ്പ് നിയമം അനുശാസിക്കും വിധം അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ പല പഞ്ചായത്തുകളും വീഴ്ച വരുത്തുന്നതായുള്ള പരാതി സംബന്ധിച്ച് വിശദമാക്കാമോ;

(ബി) തൊഴിലുറപ്പ് തൊഴിലാളികളുടെ സുരക്ഷ ഉറപ്പ് വരുത്തുന്നതിൽ വീഴ്ചവരുത്തുന്ന പഞ്ചായത്തുകളേയും ഉദ്യോഗസ്ഥരേയും കണ്ടെത്തുന്നതിനും അവർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും നടപടി സ്വീകരിക്കുമോ?

ഏകീകൃത ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് നിയമം

*545

ശ്രീ. കെ. മുരളീധരൻ
,, എം. പി. വിൻസെന്റ്
,, ആർ. സെൽവരാജ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏകീകൃത ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് നിയമം നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഇതിനായി നിയമനിർമ്മാണത്തിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) ആയതിലേക്ക് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ?

രാഷ്ട്രീയ കൃഷി വികാസ് യോജനയും ജൈവ ബസാറുകളും

*546 ശ്രീ. അൻവർ സാദത്ത്
,, വി. പി. സജീന്ദ്രൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയനുസരിച്ച് സബ്സിഡിയോടെ ജനശ്രീയുടെ ആഭിമുഖ്യത്തിൽ ജൈവ ബസാറുകൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തെല്ലാം സഹായങ്ങളാണ് നൽകാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## മുനിസിപ്പാലിറ്റി/കോർപ്പറേഷൻ രൂപീകരണത്തിനുള്ള മാനദണ്ഡങ്ങൾ

*547 ശ്രീമതി ഇ. എസ്. ബിജിമോൾ
ശ്രീ. സി. ദിവാകരൻ
,, ഇ. കെ. വിജയൻ
,, കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും രൂപീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര വീതമെന്നും ഏതെല്ലാമെന്നും അറിയിക്കുമോ;

(ബി) പുതിയ കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും രൂപീകരിക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

## ശിശുക്ഷേമ മിഷന്റെ പ്രവർത്തന ലക്ഷ്യങ്ങൾ

*548 ശ്രീ. കെ. രാജു
,, ഇ. ചന്ദ്രശേഖരൻ
ശ്രീമതി ഗീത ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ അംഗൻവാടികളിൽ ശിശുവികസന പദ്ധതി അവസാനിപ്പിച്ച് ശിശുക്ഷേമ മിഷൻ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ശിശുക്ഷേമ മിഷന്റെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) അംഗൻവാടികൾ വഴിയുള്ള പോഷകാഹാര വിതരണ ചുമതല കുടുംബശ്രീയിൽനിന്ന് എടുത്ത് മാറ്റിയിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ?

കാലിത്തീറ്റയുടെ ലഭ്യതക്കുറവ്

*549 ശ്രീ. കെ.കെ. നാരായണൻ
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, റ്റി.വി. രാജേഷ്
,, എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും**
സദയം മറുപടി നൽകുമോ:

(എ) കാലിത്തീറ്റ ന്യായവിലയ്ക്ക് ലഭ്യമല്ലാത്തതായ സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മിൽമയുടെ കാലിത്തീറ്റ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തൊക്കെയാണ്;

(സി) പ്രസ്തുത തടസ്സങ്ങൾ മാറ്റി കാലിത്തീറ്റയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ?

## പരമ്പരാഗത കൃഷി രീതികളും വളപ്രയോഗങ്ങളും

*550 ശ്രീ. കെ.എം. ഷാജി
,, പി. ഉബൈദുള്ള
,, സി. മോയിൻകുട്ടി
,, സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാർഷിക വിളകളുടെ കാര്യത്തിൽ പരമ്പരാഗത കൃഷി രീതികളും വളപ്രയോഗങ്ങളും ഉപയോഗപ്പെടുത്താനും അവയുടെ പ്രയോഗക്ഷമത പരീക്ഷിച്ചറിയാനും എന്തൊക്കെ നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വിശദമാക്കുമോ;

(ബി) പരമ്പരാഗത രീതിയിലെ പഞ്ചഗവ്യ വളപ്രയോഗവും, വയനാട് മേഖലയിൽ മൃഗക്കൊമ്പിനുള്ളിൽ ചാണകം നിറച്ച് പ്രോസസ് ചെയ്തെടുക്കുന്നപോലുള്ള അണു വളങ്ങളെയുംക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ കണ്ടെത്തലുകൾ വിശദമാക്കുമോ;

(സി) ഇത്തരം വളപ്രയോഗവും കൃഷിരീതികളും പ്രയോഗക്ഷമവും ആദായകരവുമാണെങ്കിൽ കൃഷിക്കാർക്കിടയിൽ വ്യാപകമാക്കാൻ നടപടി സ്വീകരിക്കുമോ?

തെങ്ങിനെ അടിസ്ഥാനമാക്കിയുള്ള പുരയിടകൃഷിക്ക് അർഹമായ പരിഗണന

*551 ശ്രീ. എം. ചന്ദ്രൻ
ശ്രീമതി കെ. എസ്. സലീഖ
ശ്രീ. പുരുഷൻ കടലുണ്ടി
,, കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തെങ്ങിനെ അടിസ്ഥാനമാക്കിയുള്ള പുരയിടകൃഷിക്ക് അർഹമായ പരിഗണന നൽകുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് അനുയോജ്യമായ പുരയിടകൃഷി മാതൃകകൾ വികസിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; ഇത് കർഷകർക്കിടയിൽ വ്യാപിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## വേനൽമഴയിലെ കൃഷിനാശം

*552 ശ്രീ. ജി. സുധാകരൻ
,, ഇ. പി. ജയരാജൻ
,, ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ വേനൽമഴയിൽ സംസ്ഥാനത്തിന്റെ ചില പ്രദേശങ്ങളിൽ വൻ കൃഷിനാശം സംഭവിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് വിവരങ്ങൾ നൽകാമോ;

(സി) വേനൽമഴക്കെടുതി മൂലം കർഷകർക്ക് ഉണ്ടായ നഷ്ടത്തെ സംബന്ധിച്ച കണക്ക് ലഭ്യമാണോ;

(ഡി) കൃഷിനാശം സംഭവിച്ചിട്ടുള്ളവർക്ക് എന്തെങ്കിലും സഹായങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ടോ?

## കെട്ടിടാവശിഷ്ടങ്ങളുടെ പുനരുപയോഗം

*553 ശ്രീ. പി. ബി. അബ്ദുൾ റസാക്
,, എം. ഉമ്മർ
,, കെ. മുഹമ്മദുണ്ണി ഹാജി
,, പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരപ്രദേശങ്ങളിലും ചെറുപട്ടണങ്ങളിലുംനിന്ന് പൊളിച്ചുമാറ്റപ്പെടുന്ന കെട്ടിടാവശിഷ്ടങ്ങൾ നഗരങ്ങളിലെയും ഗ്രാമങ്ങളിലെയും വയലുകളും ജലാശയങ്ങളും നികത്താൻ ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തിമൂലം കാർഷിക മേഖലയ്ക്കും പരിസ്ഥിതിക്കും ഉണ്ടാകുന്ന ഗുരുതരമായ ആഘാതങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത തരത്തിലുള്ള ഖരമാലിന്യങ്ങൾ റീസൈക്കിൾ ചെയ്ത്, കെട്ടിടനിർമ്മാണാവശ്യത്തിനുള്ള ബ്ലോക്കുകളും മറ്റും നിർമ്മിച്ച് പുനരുപയോഗപ്രദമാക്കാനും അവയുടെ ദുരുപയോഗം തടയാനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

വെറ്ററിനറി കോഴ്സുകളിലെ പ്രവേശന മാനദണ്ഡങ്ങൾ

*554 ശ്രീ. പി.കെ. ഗുരുദാസൻ
,, ബി.ഡി. ദേവസ്സി
,, ബാബു എം. പാലിശ്ശേരി
,, റ്റി.വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വെറ്ററിനറി കോളേജുകളിലെ കോഴ്സുകളിലെ വിദ്യാർത്ഥി പ്രവേശനം സംബന്ധിച്ച വ്യവസ്ഥകളിൽ ഈ അദ്ധ്യയന വർഷം മാറ്റം വല്ലതും വരുത്തിയിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ;

(ബി) ഏതെങ്കിലും സർക്കാർ കോളേജുകളിൽ എൻ.ആർ.ഐ ക്വാട്ട ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം കോളേജുകളിൽ എത്ര സീറ്റ് വീതമെന്നു വ്യക്തമാക്കുമോ;

(സി) സർക്കാർ കോളേജുകളിൽ എൻ.ആർ.ഐ. ക്വാട്ട സീറ്റുകൾ ഏർപ്പെടുത്തിക്കൊണ്ടുള്ള നയപരമായ തീരുമാനം കൈക്കൊണ്ടത് ഏത് തലത്തിലാണ്; വിശദമാക്കാമോ?

## മടങ്ങിവരുന്ന പ്രവാസികളുടെ പുനരധിവാസ പദ്ധതികൾക്കായി ധനസമാഹരണം

*555 ശ്രീ. എം. പി. വിൻസെന്റ്
,, ബെന്നി ബെഹനാൻ
,, പി. എ. മാധവൻ
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മടങ്ങിവരുന്ന പ്രവാസികളുടെ പുനരധിവാസ പദ്ധതികൾക്കായി ധനസമാഹരണം എങ്ങനെ കണ്ടെത്താനാണ് തീരുമാനിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) ഏതെല്ലാം മേഖലകളാണ് പുനരധിവാസത്തിനായി തെരഞ്ഞെടുക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

## നാളികേര മേഖലയിലെ പ്രവര്‍ത്തനത്തിന് ദേശീയ പുരസ്കാരം

*556 ശ്രീ. കെ. അച്ചുതന്‍
,, വി. ഡി. സതീശന്‍
,, ജോസഫ് വാഴക്കന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നാളികേര മേഖലയിലെ മികച്ച പ്രവര്‍ത്തനത്തിന് നാളികേര വികസന ബോര്‍ഡിന്റെ ദേശീയപുരസ്കാരങ്ങള്‍ സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇത് സംബന്ധിച്ച വിശദാംശങ്ങള്‍ എന്തെല്ലാമാണ്; വിവരിക്കുമോ;

(സി) ദേശീയ പുരസ്കാരങ്ങള്‍ ലഭിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങള്‍ നല്കാമോ?

## നഗരസംവിധാനങ്ങൾ മെച്ചപ്പെടുത്താൻ നടപടി

*557 ശ്രീ. എ. പ്രദീപ്കുമാർ
,, കെ. സുരേഷ് കുറുപ്പ്
,, എ. എം. ആരിഫ്
ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിലുള്ള റോഡുകളിലെ അനധികൃത പാർക്കിംഗും തെരുവ് കച്ചവടങ്ങളും മറ്റുകയ്യേറ്റങ്ങളും ഗതാഗതക്കുരുക്കിനിടയാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നഗരങ്ങളിലും പട്ടണങ്ങളിലുമുള്ള ഇടുങ്ങിയ റോഡുകളും തകർന്നുവീഴാറായ പാലങ്ങളും മോശമായ ഡ്രെയിനേജ് സംവിധാനങ്ങളും ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

## ത്രിതല പഞ്ചായത്തുകളുടെ ഭരണം അഴിമതിരഹിതമാക്കുന്നതിനുള്ള നടപടികൾ

*558 ശ്രീ. റ്റി. യു. കുരുവിള
,, തോമസ് ഉണ്ണിയാടൻ
,, സി. എഫ്. തോമസ്
,, മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്തുകളുടെ ഭരണം അഴിമതി രഹിതമാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) മാർച്ച് മാസത്തിൽ ഫണ്ട് വിനിയോഗിച്ച് തീരുന്ന രീതി മാറ്റി പദ്ധതിയ്ക്ക് മുൻകൂട്ടി അംഗീകാരം നല്കി നടപ്പാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ;

(സി) വ്യക്തിഗത ആനുകൂല്യങ്ങൾ നല്കുന്നവരുടെ ലിസ്റ്റ് വർഷാവർഷം കൈപ്പുസ്തകമായി അച്ചടിച്ച് ഗ്രാമസഭകളിൽ വിതരണം ചെയ്യുന്നതിന് നടപടികൾ ഉണ്ടാകുമോ?

## ഭക്ഷ്യക്കമ്മിയും ഭക്ഷ്യവിളകളുടെ ഉൽപാദനത്തിലുള്ള വർദ്ധനവും

*559 ശ്രീ. സി.കെ. സദാശിവൻ
ഡോ. ടി.എം. തോമസ് ഐസക്
ശ്രീ. എം. ഹംസ
,, ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യവിളകളുടെ ഉല്പാദനത്തിന്റെ തോത് കുറയുകയാണോ കൂടുകയാണോയെന്ന് വസ്തുതകളുടെയടിസ്ഥാനത്തിൽ അവലോകനം നടത്തിയിട്ടുണ്ടോ;

(ബി) കൃഷിവകുപ്പിന്റെ ഏറ്റവും ഒടുവിലത്തെ അവലോകനത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) ഭക്ഷ്യവിളകളുടെ ഉൽപാദനവും ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികളും ഭൗതികനേട്ടങ്ങളും കോട്ടങ്ങളും വിശദമാക്കാമോ?

## വിവിധ മൃഗസംരക്ഷണ പദ്ധതികളുടെ അവലോകനം

*560 ശ്രീ. കെ. സുരേഷ് കുറുപ്പ്
,, എം.എ. ബേബി
,, ബാബു എം. പാലിശ്ശേരി
,, കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നാളിതുവരെ വിവിധ ബജറ്റുകൾ വഴിയും അല്ലാതെയും മൃഗസംരക്ഷണത്തിനായി പ്രഖ്യാപിച്ച പദ്ധതികളിൽ ഇപ്പോഴും നടപ്പിലാക്കിയിട്ടില്ലാത്തവയെക്കുറിച്ച് വിശദമാക്കാമോ;

(ബി) പ്രഖ്യാപിത പദ്ധതികളുടെ നടത്തിപ്പ് അവലോകനം ചെയ്യാറുണ്ടോ; എങ്കിൽ അവശേഷിക്കുന്ന പദ്ധതികളുടെ നടത്തിപ്പിന് വേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) നടപ്പിലാക്കിയ പദ്ധതികളിൽ തന്നെ ഇപ്പോഴും പൂർണ്ണമായിട്ടില്ലാത്തവയുണ്ടെന്നറിയാമോ; ഇവ പൂർത്തീകരിക്കുമോ ?

പൈതൃകസ്മാരകങ്ങളുടെ സംരക്ഷണം

*561 ശ്രീ. റ്റി. എ. അഹമ്മദ് കബീർ
,, എൻ. ഷംസുദ്ദീൻ
,, കെ.എൻ.എ. ഖാദർ
,, അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അപൂർവ്വമായി ശേഷിച്ചിട്ടുള്ള പൈതൃക സ്മാരകങ്ങൾ ഒന്നൊന്നായി നശിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ശേഷിച്ചിട്ടുള്ളവയെങ്കിലും ഏറ്റെടുത്തു സംരക്ഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(സി) സംരക്ഷിക്കപ്പെടേണ്ട ചരിത്രപ്രാധാന്യമുള്ള പൈതൃക ശേഷിപ്പുകളെക്കുറിച്ച് വിവരശേഖരണം നടത്തിയിട്ടുണ്ടോ; എങ്കിൽ അവയെ സംബന്ധിച്ച വിവരം പ്രസിദ്ധപ്പെടുത്തുമോ; ഇല്ലെങ്കിൽ അടിയന്തിരമായി വിവരശേഖരണം നടത്തി പ്രസിദ്ധപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

## നൂതന നാളികേര വിഭവങ്ങൾ ഉത്പാദിപ്പിക്കുന്ന പുതിയ യൂണിറ്റുകൾ

*562 ശ്രീ. പുരുഷൻ കടലുണ്ടി
,, കോടിയേരി ബാലകൃഷ്ണൻ
ശ്രീമതി കെ. കെ. ലതിക
ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നൂതന നാളികേര വിഭവങ്ങൾ ഉത്പാദിപ്പിക്കുന്ന സംസ്ഥാനത്തെ പുതിയ യൂണിറ്റുകൾ നാളികേര ബോർഡിന്റെ സഹായത്തോടെ നടപ്പാക്കാൻ പ്രഖ്യാപിച്ച പദ്ധതി എന്തെല്ലാമായിരുന്നു;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഇതുവഴി ലക്ഷ്യമിട്ട നൂതന യൂണിറ്റുകൾ എത്രയായിരുന്നു; എത്രയെണ്ണം നിലവിൽ വന്നു;

(സി) യൂണിറ്റുകൾക്കുള്ള മൂലധനചെലവിന്റെ എത്ര ശതമാനം തുക സബ്സിഡിയായി നൽകുകയുണ്ടായി; സബ്സിഡി കുടിശ്ശികയായിട്ടുണ്ടോ;

(ഡി) തന്നാണ്ടിൽ എത്ര നൂതന യൂണിറ്റുകൾ പുതുതായി ആരംഭിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്; അതിന് സബ്സിഡി നൽകാൻ എന്തു തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്?

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ അഭാവം

*563 ശ്രീ. വി. ചെന്താമരാക്ഷൻ
,, എളമരം കരീം
,, ബി. സത്യൻ
,, സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വേണ്ടത്ര ജീവനക്കാരുടെ അഭാവം പദ്ധതി നിർവ്വഹണത്തെ ബാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) വേണ്ടത്ര ജീവനക്കാരുടെ അഭാവത്തിൽ പഞ്ചായത്തുകൾ വഴി വിതരണം ചെയ്യപ്പെടുന്ന ക്ഷേമപെൻഷനുകൾ യഥാസമയം കൊടുക്കാൻ കഴിയാതെ വന്നിട്ടുണ്ടോ;

(സി) കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് ജീവനക്കാരുടെ അഭാവത്തിൽ യഥാസമയം അപേക്ഷ നൽകാൻ കഴിയാത്തതിനാൽ നഷ്ടമുണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ദുർബല വിഭാഗങ്ങളിൽപ്പെട്ടവർക്കുള്ള ആനുകൂല്യങ്ങൾ

*564 ശ്രീ. മോൻസ് ജോസഫ്
,, റ്റി. യു. കുരുവിള
,, സി. എഫ്. തോമസ്
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ ക്ഷേമ വകുപ്പ് ദുർബല വിഭാഗങ്ങളിൽപ്പെട്ടവർക്ക് നൽകിവരുന്ന വിവിധ ആനുകൂല്യങ്ങൾ കാലാനുസൃതമായി പരിഷ്ക്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) ന്യൂനപക്ഷക്ഷേമ വകുപ്പ് നൽകിവരുന്ന സ്കോളർഷിപ്പ് തുകകളും ആയതിന്റെ എണ്ണവും വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ ?

## കർഷകർക്കുള്ള വായ്പാലഭ്യത

*565 ശ്രീമതി കെ. കെ. ലതിക
ശ്രീ. ഇ. പി. ജയരാജൻ
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷകർക്കുള്ള വായ്പാലഭ്യത സംവിധാനം കാര്യക്ഷമമാണെന്ന് കരുതുന്നുണ്ടോ;

(ബി) എല്ലാ പ്രധാന വിളകൾക്കും പലിശരഹിതമോ, കുറഞ്ഞ പലിശയിലോ വായ്പ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) വായ്പകൾ ലഭ്യമാക്കുന്നതിനുള്ള വ്യവസ്ഥകൾ ലളിതമാക്കാമോ;

(ഡി) കൃഷിനാശം ഉണ്ടാകുന്ന ഘട്ടങ്ങളിൽ കാർഷിക വായ്പകൾക്ക് മോറട്ടോറിയം പ്രഖ്യാപിക്കാൻ തയ്യാറാകുമോ?

## ബേസിക് സർവ്വീസ് ടു അർബൻ പുവർ

*566 ശ്രീ. വി. എസ്. സുനിൽ കുമാർ
,, പി. തിലോത്തമൻ
,, ചിറ്റയം ഗോപകുമാർ
,, ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബേസിക് സർവ്വീസ് ടു അർബൻ പുവർ വിഭാഗത്തിൽ ഉൾപ്പെടുത്തി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കി വരുന്നത്; പ്രസ്തുത പദ്ധതികളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വിശദമാക്കുമോ;

(ബി) കമ്മ്യൂണിറ്റി ഇൻഫ്രാ സ്ട്രക്ച്ചർ ഫണ്ട് ഉപയോഗിച്ചുള്ള ചേരികളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതിക്കുവേണ്ടി എന്തു തുക വകയിരുത്തി; ഇതിൽ എന്തു തുക ചെലവഴിച്ചു; പ്രസ്തുത പദ്ധതിയുടെ പുരോഗതി വിലയിരുത്തുമോ;

(സി) നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിന് തയ്യാറാക്കിയ ടാക്സ് മാപ്പിംഗ് സംവിധാനത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് അറിയിക്കുമോ?

## കന്നുകാലി കർഷകരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടി

*567 ശ്രീ. ഇ. പി. ജയരാജൻ
,, പി. റ്റി. എ. റഹീം
ശ്രീമതി. കെ. എസ്. സലീഖ
ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കന്നുകാലി കർഷകർ നേരിടുന്ന ബുദ്ധിമുട്ടുകളും ആവശ്യകതകളും സംബന്ധിച്ച് അറിവുണ്ടോ; എങ്കിൽ ഇവ പരിഹരിക്കാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ;

(ബി) മൃഗചികിത്സാ സേവനത്തിന്റെ ഭാഗമായുള്ള മൾട്ടി സ്പെഷ്യാലിറ്റി മൊബൈൽ വെറ്ററിനറി ക്ലിനിക്കുകളും, എമർജൻസി കെയർ യൂണിറ്റുകളും സ്ഥാപിച്ചിട്ടുണ്ടോ; എത്ര യൂണിറ്റുകളാണ് ലക്ഷ്യമിട്ടിരുന്നത്; സജ്ജമാക്കിയവ എത്ര?

## മരണ രജിസ്ട്രേഷൻ സ്വന്തം നാട്ടിൽ നടത്താൻ പദ്ധതി

*568 ശ്രീ. ഐ.സി. ബാലകൃഷ്ണൻ
,, പി.എ. മാധവൻ
,, സണ്ണി ജോസഫ്
,, പി.സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത്, മരണ രജിസ്ട്രേഷൻ സ്വന്തം നാട്ടിൽ നടത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഇത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) എന്തെല്ലാം കാര്യങ്ങളാണ് ആരംഭിച്ചിട്ടുള്ളത് ; വിശദമാക്കുമോ;

(ഡി) ഇത് നടപ്പാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

## വയൽപ്രദേശങ്ങൾ തരിശിട്ട് നികത്തുന്ന പ്രവണത തടയാൻ നടപടി

*569

ശ്രീ. എൻ. എ. നെല്ലിക്കുന്ന്
,, വി. എം. ഉമ്മർ മാസ്റ്റർ
,, പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വർഷങ്ങളോളം തരിശിട്ട് കരഭൂമിയാണെന്ന് വരുത്തിത്തീർത്ത് വയൽ പ്രദേശങ്ങൾ റിയൽ എസ്റ്റേറ്റ് മാഫിയ നികത്തുന്ന പ്രവണത വർദ്ധിച്ചുവരുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ തരിശിട്ടിട്ടുള്ള വയൽഭൂമിയുടെ കണക്ക് കൃഷി വകുപ്പ് ശേഖരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) എങ്കിൽ ആ ഭൂമിയിൽ ഉടമകൾ കൃഷിയിറക്കാൻ വിസമ്മതിക്കുന്ന പക്ഷം നോട്ടീസ് നൽകി അത്തരം ഭൂമി ഏറ്റെടുത്ത് കർഷക സംഘങ്ങൾക്ക് പാട്ടത്തിനു നൽകുന്ന പദ്ധതി തയ്യാറാക്കി അടിയന്തിരമായി നടപ്പാക്കുമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള പൊതുസർവ്വീസ്

*570 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
,, എം. എ. ബേബി
,, എസ്. രാജേന്ദ്രൻ
,, കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള പൊതു സർവ്വീസ് രൂപീകരിക്കേണ്ടത് സംബന്ധിച്ച സർക്കാരിന്റെ നയം വ്യക്തമാക്കുമോ;

(ബി) ഇത്തരമൊരു നിർദ്ദേശം സർക്കാർ പരിഗണിച്ചിരുന്നത് എപ്പോഴായിരുന്നുവെന്നും അതിൽ തുടർനടപടികൾ സ്വീകരിക്കാതിരുന്നത് എന്തുകൊണ്ടാണെന്നും അറിയിക്കുമോ;

(സി) പൊതുസർവ്വീസ് രൂപീകരിക്കുന്നത് വഴി തദ്ദേശസ്ഥാപനങ്ങൾക്കുണ്ടാകുന്ന നേട്ടം സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2014 ജൂൺ 28.

പ്രത്യേക ശ്രദ്ധയ്ക്ക്: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവസഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ എത്തിച്ചിരിക്കേണ്ടതാണ്. [ചട്ടം 47(1)]

‘T’ ഇന്നത്തേയ്ക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.